**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2257** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>പോഷൻ ട്രാക്കർ ആപ്പ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു വികസന വകുപ്പ് മന്ത്രി)

**(എ)** പോഷൻ ട്രാക്കർ ആപ്പ് പൂർണമായി പ്രവർത്തനസജ്ജമാകാത്തതിന്റെ പേരിൽ സംസ്ഥാനത്തെ അങ്കണവാടികളിലെ ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിൽ പ്രശ്നങ്ങളുണ്ടോ; ആയത് സംബന്ധിച്ച് പരാതികളോ നിവേദനങ്ങളോ ലഭിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** (എ) പോഷൻ ട്രാക്കർ ആപ്പ് പൂർണമായി പ്രവർത്തനസജ്ജമാകാത്തതിന്റെ പേരിൽ സംസ്ഥാനത്തെ അങ്കണവാടികളിലെ ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിൽ നിലവിൽ പ്രശ്നങ്ങളൊന്നുമില്ല. പോഷൻ ട്രാക്കർ ഗുണഭോക്താക്കളുടെ എണ്ണം കൃത്യമാകാത്ത സാഹചര്യത്തിൽ ജില്ലകളിൽ നിന്നും യഥാർത്ഥ ഗുണഭോക്താക്കളുടെ എണ്ണം ശേഖരിക്കുകയും ആയതിൻ പ്രകാരം അങ്കണവാടികളിലെ ഗുണഭോക്താക്കൾക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ യഥാസമയം നൽകുകയും ചെയ്ത് വരുന്നു. അങ്കണവാടി സർവീസസ് മുഖേന നൽകിവരുന്ന പൂരക പോഷകാഹാര വിതരണത്തിൽ (SNP) സുതാര്യത ഉറപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ പോഷൻ ട്രാക്കർ അപ്ലിക്കേഷനിൽ Two Way Authentication System (FRS&OTP) ഏർപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയത്തിന്റെ 12.11.2024, 30.05.2025, 19.06.2025 തീയതികളിലെ നിർദ്ദേശാനുസരണം , 01.07.2025 മുതൽ THR വിതരണത്തിനും 01.08.2025 മുതൽ ഗുണഭോക്തൃ രജിസ്ട്രേഷനും Facial Recognition System (FRS) നിർബന്ധമാക്കിയിട്ടുള്ളതും, ഇത്തരത്തിൽ FRS മുഖേന രേഖപ്പെടുത്തുന്ന വിതരണ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ സംസ്ഥാനത്തിനുള്ള SNP വിഹിതം അനുവദിക്കു എന്ന് കേന്ദ്ര മന്ത്രാലയം അറിയിച്ചിട്ടുണ്ട് .

**(ബി)** പ്രസ്തുത ആപ്പ് കൈകാര്യം ചെയ്യുന്നവരിൽ സ്ഥിരം ജീവനക്കാരില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** (ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ പോഷൻ അഭിയാൻ 2.0-ന്റെ ഭാഗമായി, ഐ.സി.ഡി.എസ് (ICDS) സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും തത്സമയ നിരീക്ഷണം (Real Time Monitoring) നടത്തുന്നതിനുമായി കേന്ദ്ര സർക്കാർ വികസിപ്പിച്ച മൊബൈൽ ആപ്ലിക്കേഷനാണ് പോഷൻ ട്രാക്കർ. അങ്കണവാടികൾ വഴിയുള്ള സേവനങ്ങൾ സുതാര്യമാകുന്നതിനും അർഹരായ ഗുണഭോക്താക്കളിലേക്ക് ICDS സേവനങ്ങൾ എത്തുന്നുവെന്ന് ഉറപ്പാക്കാനും ഈ ഡിജിറ്റൽ സംവിധാനംസഹായിക്കുന്നു.

**ആപ്ലിക്കേഷൻ കൈകാര്യം ചെയുന്ന രീതി** : ഐ.സി.ഡി.എസ് (ICDS) പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് നിയോഗിക്കപ്പെട്ടിട്ടുള്ള അങ്കണവാടി വർക്കർമാരാണ് പോഷൻ ട്രാക്കർ ആപ്ലിക്കേഷനിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നത്. അങ്കണവാടികളിൽ ഓരോ ദിവസവും നടത്തുന്ന വിവിധ പ്രവർത്തനങ്ങളും അവയുടെ വിവരങ്ങളും തത്സമയം ഡിജിറ്റൽ രൂപത്തിൽ രേഖപ്പെടുത്തുന്നതിനായിട്ടാണ് കേന്ദ്ര സർക്കാർ ഈ ആപ്ലിക്കേഷൻ സജ്ജമാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ വിവരങ്ങൾ താഴെ പറയുന്ന ക്രമത്തിൽ അങ്കണവാടി വർക്കർ രേഖപ്പെടുത്തുന്നു:

- **ദൈനംദിന പ്രവർത്തനങ്ങൾ:** അങ്കണവാടി തുറക്കുന്നത് മുതൽ കുട്ടികളുടെ ഹാജർ, photo capturing , പ്രഭാത ഭക്ഷണം, HCMവിതരണം, THR വിതരണം എന്നിവ രേഖപ്പെടുത്തുന്നു.
- **ഗുണഭോക്തൃ രജിസ്ട്രേഷൻ:** ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 0-6 വയസ്സുവരെയുള്ള കുട്ടികൾ എന്നിവരുടെ ആധാർ അധിഷ്ഠിത രജിസ്ട്രേഷൻ, ഇ-കെവൈസി (e-KYC), 0-6 വയസ്സുവരെയുള്ള കുട്ടികൾക്ക് APAAR ID സൃഷ്ടിക്കൽ എന്നിവ നിർവ്വഹിക്കുന്നു.
- **പ്രതിമാസ പ്രവർത്തനങ്ങൾ:** കുട്ടികളുടെ വളർച്ചാ നിരീക്ഷണം (Growth Monitoring), പ്രതിമാസ കമ്മ്യൂണിറ്റി പരിപാടികൾ (CBE) , സ്റ്റോക്ക് വിവരങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.
- **ഗൃഹസന്ദർശനം:** വർക്കർമാർ നടത്തുന്ന ഭവന സന്ദർശനങ്ങളുടെ വിവരങ്ങളും വാക്സിനേഷൻ വിവരങ്ങളും ആപ്പിൽ രേഖപ്പെടുത്തുന്നു.

പോഷൻ ട്രാക്കർ ആപ്ലിക്കേഷൻ കൈകാര്യം ചെയ്യുന്നതിനോ നിരീക്ഷിക്കുന്നതിനോ സ്ഥിരം സംവിധാനമില്ല എന്ന ആശങ്ക അടിസ്ഥാനരഹിതമാണ്. ഇതിന്റെ സുഗമമായ നടത്തിപ്പിനായി കൃത്യമായ ഒരു ഭരണനിർവ്വഹണ ശ്രേണി നിലവിലുണ്ട്:

- **തത്സമയ നിരീക്ഷണം:** വർക്കർമാർ രേഖപ്പെടുത്തുന്ന വിവരങ്ങൾ ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ, സി.ഡി.പി.ഒ (CDPO), പ്രോഗ്രാം ഓഫീസർമാർ എന്നിവർക്ക് അവരുടെ മൊബൈൽ ആപ്ലിക്കേഷനിലെ 'Supportive Supervision' മോഡ്യൂൾ വഴി തത്സമയം പരിശോധിക്കാനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനും സാധിക്കുന്നു.
- **പരിശീലനം:** ഈ ആപ്ലിക്കേഷൻ കൈകാര്യം ചെയ്യുന്നതിനായി ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ, സി.ഡി.പി.ഒ-മാർ തുടങ്ങിയ സ്ഥിരം ഉദ്യോഗസ്ഥർക്ക്, പോഷൺ ട്രാക്കർ ആപ്ലിക്കേഷനിൽ വരുന്ന പരിഷ്കാരങ്ങൾക്ക് അനുസൃതമായി കേന്ദ്ര സർക്കാർ നിയോഗിച്ച NEGD കോർഡിനേറ്റർമാർ വഴി കൃത്യമായ പരിശീലനം നൽകി വരുന്നു.
- **സാങ്കേതിക സഹായം:** വിവരങ്ങൾ വിശകലനം ചെയ്യുന്നതിനായി വെബ് ബേസ്ഡ് ഡാഷ്ബോർഡ് സംവിധാനം നിലവിലുണ്ട്. സംസ്ഥാന തലത്തിൽ പ്രോജക്ട് ഡയറക്ടർ, ജില്ലാ ബ്ലോക്ക് തലത്തിൽ പ്രോഗ്രാം ഓഫീസർമാർ, CDPO, ICDSസൂപ്പർവൈസർമാർ എന്നിവർക്കും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള SPMU ജീവനക്കാർക്കും ജില്ലാ ബ്ലോക്ക് തലത്തിൽ സാങ്കേതിക സഹായത്തിനായി നിയമിച്ചിട്ടുള്ള ജീവനക്കാർക്കും വെബ് ബേസ്ഡ് ഡാഷ്ബോർഡ് സംവിധാനം ഉപയോഗപ്പെടുത്തി അങ്കണവാടി വർക്കർ രേഖപ്പെടുത്തുന്ന വിവരങ്ങൾ വിശകലനം ചെയ്യാൻ സാധിക്കുന്നു.

ചുരുക്കത്തിൽ, അങ്കണവാടി വർക്കർമാർ മുതൽ സംസ്ഥാനതല ഉദ്യോഗസ്ഥർ വരെയുള്ള സ്ഥിരം സർക്കാർ സംവിധാനത്തിലൂടെയും, സാങ്കേതിക സഹായത്തിനായി നിയോഗിക്കപ്പെട്ട പ്രത്യേക ടീമിലൂടെയുമാണ് പോഷൻ ട്രാക്കറിന്റെ പ്രവർത്തനം നിലവിൽ നടപ്പിലാക്കി വരുന്നത്.

**(സി)** പ്രസ്തുത ആപ്പിലെ ഡേറ്റ കൃത്യമല്ലാത്തതിനാൽ ഗുണഭോക്താക്കളുടെ എണ്ണത്തിൽ ഇരട്ടിപ്പുണ്ടെന്നും അധിക ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ. ഗോഡൗണുകളിൽ

കെട്ടിക്കിടക്കുകയാണെന്നും പറയുന്നത് ശരിയാണോ; സംസ്ഥാനത്തെ ഐ.സി.ഡി.എസി.നുള്ള ഭക്ഷ്യധാന്യവിഹിതം ഏറ്റവും ഒടുവിലത്തെ ക്വാർട്ടറിൽ ലഭിക്കാത്ത പ്രശ്നമുണ്ടോ?

**<u>മറുപടി:</u>** സി) ജില്ലകളിൽ നിന്നും ഗുണഭോക്താക്കളുടെ എണ്ണം മുൻകൂറായി ശേഖരിക്കുകയും ആയതിൻ പ്രകാരം അങ്കണവാടികളിലെ ഗുണഭോക്താക്കൾക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ യഥാസമയം നൽകുകയും ചെയ്ത് വരുന്ന രീതിയാണ് നിലവിൽ അവലംബിച്ച് വരുന്നത്.

എന്നാൽ പോഷൻ ട്രാക്കർ-ൽ reflect ചെയ്യുന്ന ഗുണഭോക്താക്കളുടെ എണ്ണത്തിനു ആനുപാതികമായി ആണ് WBNP പദ്ധതി പ്രകാരം ഉള്ള ഭക്ഷ്യ ധാന്യങ്ങൾ GOI അനുവദിച്ച് വരുന്നത്. ഈ സാഹചര്യത്തിൽ ആദ്യ രണ്ടു quarter -കളിൽ ജില്ലകൾക്ക് യഥാർത്ഥത്തിൽ ആവശ്യമുള്ള ഭക്ഷ്യ ധാന്യ വിനിയോഗ ശേഷം അവശേഷിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ മൂന്ന്, നാല് ക്വാർട്ടറുകളിലേക്കായി revalidate ചെയ്ത് reallot ചെയ്യുന്ന രീതിയാണ് നിലവിൽ സ്വീകരിച്ചു വരുന്നത്.

2025-26 വർഷത്തേക്ക് 4 quarterകളിലേക്കും ആവശ്യമായ ഭക്ഷ്യധാന്യങ്ങളുടെ ലിഫ്റ്റിംഗ് അനുമതി ജില്ലകൾക്ക് നൽകുകയും അങ്കണവാടികളിലേക്ക് യഥാസമയം വിതരണം സാധ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ തന്നെ സംസ്ഥാനത്തെ ഐ.സി.ഡി.എസിനുള്ള ഭക്ഷ്യധാന്യവിഹിതം ഏറ്റവും ഒടുവിലത്തെ ക്വാർട്ടറിൽ ലഭിക്കാത്ത പ്രശ്നം നിലവിലില്ല.

കേന്ദ്ര വിഹിതം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ആദ്യ രണ്ട് ക്വാർട്ടറുകളിലെ ഭക്ഷ്യധാന്യങ്ങളുടെ ഉപയോഗം 60.46 ശതമാനമാണെന്നും, പോഷൻ ട്രാക്കറിലെ ഗുണഭോക്താക്കളുടെ എണ്ണവും യഥാർത്ഥ എണ്ണവും തമ്മിലുള്ള പൊരുത്തക്കേടുകൾ പരിഹരിക്കണമെന്നും കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**